പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 5537 25.10.2011 -ലെ മറുപടിക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ലതിക | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കുറ്റ്യാടി മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്തിവരുന്നതും അനുമതി ലഭിച്ചതുമായ റോഡ്, പാലം, കെട്ടിടം പ്രവർത്തികൾ ഏതൊക്കെയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ ; | (എ) കുറ്റ്യാടി മണ്ഡലത്തിൽ പൊതു മരാമത്ത് കെട്ടിട വിഭാഗം നടത്തി വരുന്നതും അനുമതി ലഭിച്ചതുമായ ഏക പ്രവൃത്തി ഗവൺമെന്റ് കോളേജ് മൊകേരി, അക്കാദമിക് കം - അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ആണ്. ഈ പ്രവൃത്തി 26.09.2011 ന് ടെന്റർ ചെയ്തു.<br>**പാതകളും പാലങ്ങളും വിഭാഗം**<br>1) പെരിഞ്ചേരിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു.<br>2) അഴീക്കൽ കടവു പാലത്തിന്റെ ഭരണാനുമതിക്കുള്ള നിർദ്ദേശം പരിഗണനയിലാണ്<br>3) വടകര-തിരുവള്ളൂർ-പേരാമ്പ്ര റോഡിന്റെ കി.മീ. 4 മുതൽ 9/500 വരെ പ്രവൃത്തി പുരോഗമിക്കുന്നു.<br>4) പുറമേരി-കുനിങ്ങാട്-വേറ്റുമ്മൽ റോഡ് കി.മീ. 0 മുതൽ 3/000 വരെ (കുറ്റ്യാടി മണ്ഡലം) പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>5) കുറ്റ്യാടി ബൈപ്പാസ് ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗതിയിലാണ് |

**അപ്ഗ്രഡേഷൻ പ്രവൃത്തികൾ**

1. വടകര-തിരുവള്ളൂർ-പേരാമ്പ്ര റോഡ് കി.മീ. 2/000 മുതൽ 4/000 വരെ 25 ലക്ഷം രൂപ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

2. തോടന്നൂർ-ഇടിഞ്ഞകടവ് റോഡ് കി.മീ. 1/250 മുതൽ 5/900 വരെ 45 ലക്ഷം രൂപ പ്രവൃത്തി ടെണ്ടർ ചെയതിട്ട് ആരും ഏറ്റെടുത്തിട്ടില്ല. റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

3. വില്യാപ്പള്ളി-ആയഞ്ചേരി റോഡ് കി.മീ. 0/0 മുതൽ 2/000 വരെ 23 ലക്ഷം രൂപ പ്രവൃത്തി ടെണ്ടർ ചെയ്തിട്ട് ആരും ഏറ്റെടുത്തിട്ടില്ല. റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

4. തിരുവള്ളൂർ-ആയഞ്ചേരി റോഡ് കി.മീ 2/000 മുതൽ 4/000 വരെ 20.10 ലക്ഷം പ്രവൃത്തി ടെണ്ടർ ചെയ്തിട്ട് ആരും ഏറ്റെടുത്തിട്ടില്ല. റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) 2011-12 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് കുറ്റ്യാടി മണ്ഡലത്തിൽപെട്ട ഏത് പ്രവർത്തികളാണ് പുതിയതായി അനുമതി നൽകി ഏറ്റെടുത്ത് നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ ?

(ബി) 1. പുനരുദ്ധാരണ പ്രവൃത്തി കുളങ്ങരത്ത്-അരൂർ-ഗുളികപ്പുഴ റോഡ് കി.മീ. 0/0 മുതൽ 11/200 വരെ 300 ലക്ഷം രൂപ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു..

2. എസ്.എച്ച് 38 ൽ കി.മീ 43/10 മുതൽ 57/00 വരെ റോഡ് ബി.എം & ബി.സി.ചെയ്യുന്നതിലേക്കായി 1610 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 20.09.2011 ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കാവിൽ-തീക്കുനി - കുറ്റ്യാടി റോഡ് കി.മീ. 1/100 മുതൽ 4/400 വരെ പുനരുദ്ധാരണ പ്രവൃത്തികൾ 450 ലക്ഷം രൂപയുടെയും തോടന്നൂർ-ഉടിഞ്ഞകടവ് റോഡ് കി.മീ. 0/00 മുതൽ 6/00 വരെ പുനരുദ്ധാരണ പ്രവൃത്തികൾ 500 ലക്ഷം രൂപയുടെയും വില്യാപ്പള്ളി - ആയാഞ്ചേരി റോഡ് കി.മീ. 0/00 മുതൽ 5/320 വരെ പുനരുദ്ധാരണ പ്രവൃത്തികൾ 400 ലക്ഷം രൂപയുടേയും

കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് കി.മീ. 0/00 മുതൽ 11/00 വരെ പുനരുദ്ധാരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 876 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചുതന്നിട്ടുണ്ട്. ആയഞ്ചേരി ടൗൺ പരിഷ്ക്കരണ പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ